**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1650** **19-09-2025 - ൽ മറുപടിയ്ക്ക്**

**ശ്രീമതി ധന്യാ അളകപ്പന്റെ പോക്കുവരവ് അപേക്ഷ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി ദെലീമ | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | ചേർത്തല താലൂക്കിൽ തൈക്കാട്ടുശ്ശേരി വില്ലേജിൽ 37/7-1 സർവേ നമ്പറിൽപ്പെട്ട ഭൂമി അലൈൻമെന്റിൽ വന്ന മാറ്റം മൂലം പോക്കുവരവ് ചെയ്യാൻ സാധിക്കാത്തതുമായി ബന്ധപ്പെട്ട് ശ്രീമതി ധന്യാ അളകപ്പൻ, പേരപ്പള്ളിൽ ഹൗസ്, പാണാവള്ളി എന്നയാൾ സമർപ്പിച്ച അപേക്ഷയിന്മേൽ സ്വീകരിച്ച നടപടി വിശദമാക്കാമോ; | (എ) | ചേർത്തല താലൂക്കിൽ തൈക്കാട്ടുശ്ശേരി വില്ലേജിൽ 37/7-1 സർവെ നമ്പരിൽപ്പെട്ട 01.33 ആർസ് വസ്തു പോക്കുവരവ് ചെയ്യുന്നതിന് ശ്രീമതി.ധന്യാ അളകപ്പൻ, പേരപ്പള്ളിൽ ഹൗസ്, പാണാവള്ളി എന്നയാൾ തൈക്കാട്ടുശ്ശേരി വില്ലേജിൽ അപേക്ഷ സമർപ്പിച്ചിരുന്നതാണ്. ടി അപേക്ഷാ വസ്തുവിൽ റോഡ് പുറമ്പോക്ക് ഭൂമി ഉൾപ്പെട്ടു വരുന്നുണ്ടോ എന്ന് തിട്ടപ്പെടുത്തുന്നതിന് വില്ലേജ് ഓഫീസർ താലൂക്ക് സർവെയറുടെ സേവനം ആവശ്യപ്പെട്ടതിൻ പ്രകാരം സർവെയർ സ്ഥല പരിശോധന നടത്തിയിട്ടുള്ളതാണ്.<br><br>സർവെയറുടെ റിപ്പോർട്ട് പ്രകാരം അപേക്ഷകയ്ക്ക് നിലവിൽ കൈവശം ഉള്ള വസ്തു അളന്നതിൽ സർവെ 37/7 ൽ 0.17 ആർസും സർവെ 37/8 ൽ 02.20 ആർസും ഉൾപ്പെടെ ആകെ 2.46 ആർസ് വസ്തു ഉള്ളതായും പോക്കുവരവിന് ആസ്പദമായ 1352/17 നമ്പർ തീറാധാരത്തിൽ സർവെ 37/7-1 ൽ 01.33 ആർസ് ഭൂമി വിരിവടക്കം അളവിലും കൈവശത്തിലും കൂടുതലുള്ള പുരയിടം എന്ന് രേഖപ്പെടുത്തിയിരിക്കുന്നതായും ഇപ്പോൾ കൈവശം ഉള്ള ഭൂമിയിൽ സർവെ നമ്പർ 37/8 ൽ 02.29 ആർസ് സർക്കാർ റോഡ് പുറമ്പോക്ക് ആണെന്നും ടി പുറമ്പോക്ക് ഭൂമി വരുന്നതിനാൽ ടി വസ്തു പോക്കുവരവ് ചെയ്യുവാൻ സാധിക്കുകയില്ല. |
| (ബി) | പ്രസ്തുത അപേക്ഷയുടെ നിലവിലെ സ്ഥിതി വിശദമാക്കാമോ? | (ബി) | നിലവിൽ, ടി സർവെ നമ്പർ 37/8 ൽ 02.29 ആർസ് സർക്കാർ റോഡ് പുറമ്പോക്ക് ഭൂമിയിലെ കൈയ്യേറ്റം ഒഴിപ്പിക്കുന്നതിന് പൊതുമരാമത്ത് വിഭാഗം അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എൻജിനീയർക്ക് കത്ത് നൽകിയിട്ടുള്ളതും ആയതിന്മേൽ കൈയ്യേറ്റം ഒഴിപ്പിക്കുന്നതിന് സംയുക്ത പരിശോധന നടത്തി കൈയ്യേറ്റ ഭൂമിയുടെ അതിർത്തി തിട്ടപ്പെടുത്തി നൽകുന്നതിന് പൊതുമരാമത്ത് വിഭാഗം അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എൻജിനീയർ |

| | | | |
|---|---|---|---|
| | | | ആവശ്യപ്പെട്ടതിൻ പ്രകാരം നടപടി സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ